# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1506** **31.10.2019-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യകൃഷി

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യകൃഷിയിലൂടെ നിലവിലുള്ള മത്സ്യോല്പാദനം ഇരട്ടി ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി പ്രാവർത്തികമാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കാമോ; | എ) | ഉണ്ട്. 21 ഇനം വിവിധ കൃഷി രീതികൾ ഉപയോഗിച്ച് ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 2019-20 വർഷത്തിൽ ജനകീയ മത്സ്യകൃഷിക്ക് 74.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷം നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി അടങ്കൽ തുക 4851 ലക്ഷം രൂപ വരുന്ന 6 പദ്ധതികൾ കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| ബി) നശിച്ചുപോയ ജലാശയങ്ങളിലെ ആവാസ വ്യവസ്ഥ പുന:സ്ഥാപിച്ച് ഉൾനാടൻ മത്സ്യകൃഷിയിൽ നിന്ന് ലഭിക്കുന്ന ആദായം വർദ്ധിപ്പിക്കുന്ന പദ്ധതി ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | Flood Restoration Package-ൽ ഉൾപ്പെടുത്തി മത്സ്യകൃഷി നശിച്ച കൃഷിയിടങ്ങളുടെ പുനരുദ്ധാരണത്തിന് 40 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. |
| സി) മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ പൊതുജലാശയങ്ങളിൽ നിക്ഷേപിക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇതിനായി നടപ്പുവർഷം എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്നും അറിയിക്കുമോ? | സി) | ഉണ്ട്. നടപ്പ് സാമ്പത്തിക വർഷം 295 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**